# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2319

### 05-11-2019 ൽ മറുപടിക്ക്

**കിഫ്ബി പ്രോജക്റ്റുകളുടെ അപ്രൈസലിനായി കൺസൾട്ടൻസി**

| ചോദ്യം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) കിഫ്ബിയുടെ പ്രോജക്റ്റുകൾ അപ്രൈസൽ ചെയ്യുന്നതിന് സി.എം.ഡി.യെ ചുമതലപ്പെടുത്തിയിരുന്നോ എന്നറിയിക്കാമോ; | ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) സി.എം.ഡി. അപ്രൈസൽ ജോലികൾ വേറെ ഏതെങ്കിലും കൺസൾട്ടൻസിക്ക് മറിച്ച് കൊടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എപ്രകാരമാണ് പ്രസ്തുത കൺസൾട്ടൻസിയെ തെരഞ്ഞെടുത്തത് എന്ന് വ്യക്തമാക്കാമോ; | വിവിധ മേഖലകളിൽ വൈദഗ്ധ്യം നേടിയിട്ടുള്ളവരാണ് സി.എം.ഡി യിൽ അപ്രൈസൽ നടത്തുന്നത്. പദ്ധതികളുടെ ബാഹുല്യവും വൈവിധ്യവും കണക്കിലെടുത്ത് ടെക്നിക്കൽ അപ്രൈസലുമായി ബന്ധപ്പെട്ട പ്രാഥമിക പരിശോധനകൾക്ക് അവരെ സഹായിക്കുന്നതിനായി സുതാര്യമായ ടെൻഡർ നടപടികളിലൂടെ ടെറനസ് കൺസൾട്ടിംഗ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ സേവനവും അവർ ഉപയോഗപ്പെടുത്തുന്നതായി സി.എം.ഡി അറിയിച്ചിട്ടുണ്ട്. |
| (സി) ടെൻഡർ നടപടികളിലൂടെയാണോ കൺസൾട്ടൻസിയെ തെരഞ്ഞെടുത്തത്; എങ്കിൽ ടെൻഡറിൽ പങ്കെടുത്ത ഓരോ കൺസൾട്ടൻസിയും ക്വാട്ട് ചെയ്ത റേറ്റ് വിശദമാക്കുമോ? | അതെ. എന്ന് സി.എം.ഡി അറിയിച്ചിട്ടുണ്ട്. ടെൻഡറിൽ പങ്കെടുത്ത ഓരോ കൺസൾട്ടൻസിയും, ക്വാട്ട്ചെയ്ത റേറ്റ് എന്നിവ സി.എം.ഡി ലഭ്യമാക്കിയതു പ്രകാരം ചുവടെ ചേർക്കുന്നു. |

| കൺസൾട്ടൻസി യുടെ പേര് | പ്രോജക്റ്റ് കാറ്റഗറി | ക്വാട്ട് ചെയ്ത തുക (ലക്ഷം രൂപ) |
|---|---|---|
| ജ്യോതി കൺസൾട്ടൻസ് | 10 കോടി- 50 കോടി | 9.75 |
| | 50 കോടി- 100 കോടി | 26.9 |
| | 100 കോടിക്കു മുകളിൽ | 34.5 |

| | | |
|---|---|---|
| സ്പാരോ കൺസ്ട്രക്ഷൻ, മാനേജ്മെന്റ് & കൺസൾട്ടൻസി | 10 കോടി - 50 കോടി | 4.25 |
| | 50 കോടി - 100 കോടി | 6.75 |
| | 100 കോടിക്ക് മുകളിൽ | 7.95 |
| ടെറനസ് കൺസൾട്ടിംഗ് പ്രൈവറ്റ് ലി. | 10 കോടി - 50 കോടി | 1.9 |
| | 50 കോടി - 100 കോടി | 3.85 |
| | 100 കോടിക്ക് മുകളിൽ | 5.75 |

**സെക്ഷൻ ഓഫീസർ**